മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദിദിമോസ് വോയ്സ്

2019 ആഗസ്റ്റ് / വോള്യം 1 / ലക്കം 1

അട്ടപ്പാടി മിഷന്റെ മുഖപത്രം

സെന്റ് തോമസ് ആശ്രമം: സിൽവർ ജൂബിലി ആഘോഷം

സി.കെ. ജേക്കബ് ജോയ്

1994 ജൂലൈ 3 ഞായറാഴ്ച സെന്റ് തോമസ് ദിനത്തിൽ പിറന്ന സെന്റ് തോമസ് ആശ്രമവും മിഷൻ സെന്ററും 2019 ജൂലൈ 3 ആയപ്പോൾ സിൽവർ ജൂബിലിയുടെ പൂർണതയിൽ എത്തിയിരിക്കുകയാണ്. ഒരു വർഷം മുഴുവൻ നീണ്ടുനിന്ന സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് 2019 ആഗസ്റ്റ് 16 വെള്ളിയാഴ്ച പരിസമാപ്തി വരികയാണ്.

ജൂബിലി കർമ്മപദ്ധതികൾ

ഒരു വർഷം നീണ്ടുനിന്ന ജൂബിലി കർമ്മപദ്ധതികൾ പ്രധാനമായും നാല് മേഖലകൾ തിരിച്ചാണ് വിഭാവനം ചെയ്തത്. അവ:

I. ജീവകാരുണ്യപ്രവർത്തനങ്ങൾ

സിൽവർ ജൂബിലി ആഘോഷങ്ങൾ ജീവകാരുണ്യ പ്രവർത്തനങ്ങളാൽ അനശ്വരമായിത്തീരുകയാണ്. പ്രധാനമായും അഞ്ച് പദ്ധതികളാണ് നടപ്പാക്കാൻ കഴിഞ്ഞത്.

1. ഭവനരഹിതരായ രണ്ടു പേർക്ക് ഭവനങ്ങൾ
2. രണ്ടു പെൺകുട്ടികളുടെ വിവാഹം
3. 25 രോഗികൾക്ക് ചികിത്സാസഹായം
4. 25 വിദ്യാർത്ഥികൾക്ക് പഠനസഹായം
5. 25 ആദിവാസി കുട്ടികൾക്ക് കൂടി സൗജന്യ വിദ്യാഭ്യാസം

II. വിവിധ സംഗമങ്ങൾ

അട്ടപ്പാടി മിഷന്റെ സിൽവർ ജൂബിലി വിളംബര സംഗമവും ജൂബിലി സമാപന മഹാസംഗമവും ഉൾപ്പെടെ പ്രധാനമായും 15 സംഗമങ്ങളാണ് ജൂബിലി ആഘോഷമായി നടത്തിയത്. ദൈവകൃപയാൽ ഓരോ സംഗമവും മധുരപരിമളം പരത്തുന്നവയായിരുന്നു.

1. സിൽവർ ജൂബിലി വിളംബര സംഗമം

2018 ജൂലൈ 3 ചൊവ്വാഴ്ചയാണ് അട്ടപ്പാടി മിഷന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് 'സിൽവർ ജൂബിലി വിളംബരസംഗമം' നടത്തിയത്. അന്നേദിവസം രാവിലെ ആശ്രമം ചാപ്പലിൽ ഫാദർ ജോസഫ് ജോൺ ആണ് വി. കുർബാന അർപ്പിച്ചത്. സർവ്വശക്തനും കരുണാമയനുമായ ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് വി. കുർബാന മദ്ധ്യേ സ്തോത്ര പ്രാർത്ഥന നടത്തി.

പള്ളി അങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടത്തിയ "സിൽവർ ജൂബിലി വിളംബര സംഗമം" വന്ദ്യ യൂഹാനോൻ റമ്പാൻ പ്രാർത്ഥനയോടെ ഉദ്ഘാടനം ചെയ്തു. ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപദ്ധതികൾ പ്രഖ്യാപിച്ചു. ഗത്സമേന ധ്യാനകേന്ദ്രം ഡയറക്ടർ ഫാദർ വർഗീസ് മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സെന്റ് ജെംസ് പ്രിൻസിപ്പാൾ ഷൈജു ഈപ്പനും അധ്യാപക പ്രതിനിധികളും, വിദ്യാർത്ഥി പ്രതിനിധികളും ആശംസകൾ അർപ്പിച്ചു. ലളിതമായ ജൂബിലി വിളംബരസംഗമത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും സ്നേഹിതരുമടക്കം 600 ഓളം പേർ പങ്കെടുക്കുകയുണ്ടായി. സ്നേഹവിരുന്നും നടത്തി.

2. വനിതാസംഗമം

സിൽവർ ജൂബിലിയുടെ രണ്ടാമത്തെ സംഗമം പ. ദൈവമാതാവായ കന്യകാമറിയം അമ്മയുടെ നാമത്തിൽ നടത്തിയ 'മോംമസ് സംഗമം' ആയിരുന്നു. 2018 ഡിസംബർ 27,28 തിയ്യതികളിലാണ് മോംമസ് സംഗമം നടന്നത്. മലബാറിലെ വിവിധ പള്ളികളിൽ നിന്നായി 200ലധികം വനിതകൾ സംഗമത്തിൽ വന്ന് സംബന്ധിച്ചു.

അഖില മലങ്കര മോംമസ് പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, ഫാദർ ജോജി കെ. ജോയ്, കേന്ദ്ര ജനറൽ സെക്രട്ടറി പ്രൊഫസർ മേരി മാത്യു, ഭദ്രാസന സെക്രട്ടറി പ്രഭാ വർഗീസ്, മുൻ സെക്രട്ടറി ലൂസി രാജ് തുടങ്ങിയ സമുന്നത നേതൃത്വ നിര വനിതാ സംഗമം കൂടുതൽ പ്രശോഭിതമാക്കി.

3. മാർത്തോമ്മ സ്മൃതി

2019 ജൂലൈ 3 ബുധനാഴ്ച സ്ഥാപന ദിനാചരണത്തോടനുബന്ധിച്ച് രാവിലെ 7 മണിക്ക് കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അധ്യാപകനും ശ്രുതി സ്കൂൾ ഓഫ് മ്യൂസിക്കിന്റെ പ്രഥമ ഡയറക്ടറുമായ റവ. ഫാദർ ഡോക്ടർ എം.പി. ജോർജാണ് ആശ്രമചാപ്പലിൽ സുറിയാനിയിൽ വിശുദ്ധ കുർബാന അർപ്പിച്ചത്. സർവ്വശക്തനും കാരുണ്യവാനുമായ ദൈവം തമ്പുരാൻ കഴിഞ്ഞ 25 വർഷക്കാലം ആശ്രമത്തിന്റെയും മിഷൻ പ്രവർത്തനങ്ങളുടെയും മേൽ ചൊരിഞ്ഞ അനവരതമായ കൃപകൾക്കായി സ്തോത്ര പ്രാർത്ഥന നടത്തി. വി. കുർബാനാനന്തരം നടത്തിയ 'മാർത്തോമ്മ സ്മൃതി' സെമിനാർ ഫാദർ ഡോ. എം.പി. ജോർജ് ഉദ്ഘാടനം ചെയ്തു. ശ്രുതി അധ്യാപകൻ ജാർളി മാത്യു തളികസ്ഥാനം മാർത്തോമ്മ സ്മൃതി സന്ദേശം നൽകി. അട്ടപ്പാടി കോയമ്പത്തൂർ മേഖലകളിലെ ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിക്കുന്ന ഓർത്തഡോക്സ് വൈദികരുടെ കുടുംബസംഗമവും നടത്തി.

വൈദികശ്രേഷ്ഠന്മാരും ശെമ്മാശൻമാരും ആദിവാസി കുഞ്ഞുങ്ങളും വിവിധ ഇടവകകളിൽ നിന്നുള്ള ഭക്തജനങ്ങളും സ്ഥാപനരജത ജൂബിലി ദിനാചരണത്തിനും മാർത്തോമ്മ സ്മൃതി സംഗമത്തിനും സാക്ഷ്യം വഹിച്ചു.

4. ജ്യോതിർഗമയ സംഗമം

2019 ജൂലൈ 5 വെള്ളിയാഴ്ച ആശ്രമചാപ്പലിൽ എം.ഡി. യൂഹാനോൻ റമ്പാനാണ് വി. കുർബാന അർപ്പിച്ചത്. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'ജ്യോതിർഗമയ സംഗമം' നടത്തി. കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ ഐ.എ.എസ് സെന്റ് ജെംസിലെ മുഴുവൻ വിദ്യാർത്ഥികളെയും അഭിസംബോധന ചെയ്തു. ഉന്നതവിദ്യാഭ്യാസത്തിന്റെ മാസ്മരികതയിലേക്ക് കുട്ടികളെ നയിച്ചു. ചോദ്യോത്തരങ്ങൾ അർത്ഥസമ്പൂർണ്ണമായിരുന്നു.

ജിജി തോംസൺ ഗത്സമേന ധ്യാനകേന്ദ്രത്തിൽ നടത്തിയ വചനശുശ്രൂഷ ഭക്തജനങ്ങൾക്ക് ആത്മീയ പ്രചോദകമായി.

വൈകുന്നേരം സന്ധ്യാനമസ്കാരത്തെ തുടർന്ന് ആശ്രമത്തിലെ ആദിവാസി മക്കളുമായി നടത്തിയ 'ജ്യോതിർഗമയ സംഗമം' കുട്ടികൾക്ക് കൂടുതൽ ആവേശം പകർന്നു. അവർ പാട്ടുകൾ പാടി, കൈയ്യടിച്ച് നൃത്തം വെച്ച് സന്തോഷം പങ്കിട്ടു. ആദിവാസി കുരുന്നുകളുടെ മനസ്സുകളിൽ IAS, IPS, IFS വിത്തുകൾ വിതയ്ക്കാൻ ജ്യോതിർഗമയ സംഗമം ഇടയാക്കി.

5. ദളിത് സംഗമം

2019 ജൂലൈ 6 ശനിയാഴ്ച ആശ്രമം ചാപ്പലിൽ ഫാദർ വർഗീസ് മാത്യു വി. കുർബാന അർപ്പിച്ചത്. പത്ത് മണിയ്ക്ക് ആദിവാസി മക്കളുടെ കുടുംബസംഗമം നടത്തി. 'ആദി' ഡയറക്ടർ ഫാദർ ലെനിൻ ആന്റണി കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. പ്രഭാഷണത്തോടൊപ്പം ആദിവാസി പാട്ടുകൾ കുട്ടികളെ പഠിപ്പിച്ചു. ആദിവാസി കുഞ്ഞുങ്ങളുടെ വിവിധ കലാ, കായിക മത്സരങ്ങൾ നടത്തി. അവരിൽ നിന്നും പ്രതിഭകളെ കണ്ടെത്തി ആദരിച്ചു. മാതാപിതാക്കളുടെ കലാപരിപാടികളും മത്സരങ്ങളും നടത്തി. ദളിത് കൂട്ടായ്മയുടെ മാധുര്യം പങ്കുവെയ്ക്കുന്ന സ്നേഹവിരുന്നും സിൽവർ ജൂബിലിയുടെ സ്നേഹപരിമളം പരത്തി.

6. പ്രതിഭാസംഗമം

2019 ജൂലൈ 13 ശനിയാഴ്ച ചെമ്മണ്ണൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരി ഫാദർ നിബു കെ. തോമസാണ് ആശ്രമം ചാപ്പലിൽ വി. കുർബാന അർപ്പിച്ചത്.

അട്ടപ്പാടിയിലെ 12 വിദ്യാലയങ്ങളിൽ നിന്ന് 2018-19 അധ്യയന വർഷത്തിൽ 10,12 ക്ലാസ്സ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ 45 വിദ്യാർത്ഥി, വിദ്യാർത്ഥിനികളെ അനുമോദിക്കുന്ന ചടങ്ങായിരുന്ന ു പ്രതിഭാസംഗമം. സെന്റ് ജെംസിന്റെ പുതിയ ഓഡിറ്റോറിയത്തിലെ പ്രഥമ ചടങ്ങായിരുന്നു അത്. മട്ടത്തുകാട് ഏരീസ് പോളിടെക്നിക് കോളേജിന്റെ പ്രിൻസിപ്പാൾ യു.ഐ. ഷാജു പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു. ഫാദർ നിബു. കെ. തോമസ്, സെന്റ് ജെംസ് പ്രിൻസിപ്പാൾ ഷൈജു ഈപ്പൻ, ആശ്രമം സുപ്പീരിയർ ഫാദർ വർഗീസ് ജോസഫ്, ഫാദർ വർഗീസ് മാത്യു എന്നിവർ പ്രതിഭകളെ അനുഗ്രഹിച്ചാശിർവദിച്ചു. സിൽവർ ജൂബിലിയുടെ പരിമളം വിതറിക്കൊണ്ട് പ്രതിഭകൾക്ക് മൊമന്റോ വിതരണം ചെയ്തു.

7 ഓർത്തഡോക്സ് കുടുംബ സംഗമം

2019 ജൂലൈ 20 ശനിയാഴ്ച മുണ്ടൻപാറ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വികാരി ഫാദർ സി.പി. അലക്സാണ്ടറാണ് ആശ്രമം ചാപ്പലിൽ വി. കുർബാന അർപ്പിച്ചത്.

അട്ടപ്പാടിയിലെ 6 ഓർത്തഡോക്സ് ദേവാലയങ്ങളിലെ മുഴുവൻ കുടുംബങ്ങളും ഒത്തുചേർന്ന 'ഓർത്തഡോക്സ് കുടുംബസംഗമത്തിൽ ക്രിസ്തീയ കുടുംബജീവിതത്തിന്റെ മാധുര്യത്തെക്കുറിച്ച് ഗ്ലോറിയ ന്യൂസ് പബ്ലിക്കേഷൻസ് ചെയർമാൻ ഫാദർ ബിജു പി. തോമസ് പ്രഭാഷണം നടത്തി. ഫാദർ സി.പി. അലക്സാണ്ടർ, ഫാദർ ജോസഫ് ജോൺ, ഫാദർ. നിബു തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. അട്ടപ്പാടിയുടെ ചരിത്രത്തിൽ ആദ്യത്തെ ഓർത്തഡോക്സ് കുടുംബസംഗമം ആയിരുന്നു അത്. ഇടവകകൾ തമ്മിലുള്ള പരസ്പര ഐക്യം കൂടുതൽ അരക്കിട്ടുറപ്പിക്കാനും വ്യക്തി, കുടുംബതല ബന്ധങ്ങളിലെ ഊഷ്മളത പരിപോഷിപ്പിക്കാനും ഈ കുടുംബസംഗമത്തിന് കഴിഞ്ഞു. സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും സിൽവർ ജൂബിലിയുടെ സ്നേഹം പകർന്ന് നൽകികൊണ്ട് 'സ്നേഹോപഹാരം' സമ്മാനിച്ചു.

8. ജനപ്രതിനിധി സംഗമം

2019 ജൂലൈ 27 ശനിയാഴ്ച ആശ്രമചാപ്പലിൽ ഫാദർ വർഗീസ് മാത്യുവാണ് വി. കുർബാന അർപ്പിച്ചത്.

അട്ടപ്പാടി ആശ്രമത്തിന്റേയും മിഷൻ സെന്ററിന്റേയും സിൽവർ ജൂബിലി നിറവിൽ നടത്തിയ ജനപ്രതിനിധി സംഗമം ജൂബിലി ആഘോഷങ്ങൾക്ക് പുതിയ മാനം പകർന്ന് നൽകി. അട്ടപ്പാടിയിലെ വിവിധ രാഷ്ട്രീയ നേതാക്കളും സാംസ്കാരിക നായകന്മാരും മാധ്യമപ്രവർത്തകരും സർവ്വോപരി അഗളി, ഷോളയൂർ, പുതൂർ തുടങ്ങി അട്ടപ്പാടിയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെയും, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെയും ജനപ്രതിനിധികളും ഒത്തുകൂടിയ ഈ സംഗമം ഒരു വേറിട്ട അനുഭവമായിരുന്നു. അട്ടപ്പാടിയുടെ സമഗ്ര വികസനത്തിൽ പ. ഓർത്തഡോക്സ് സഭയുടെ പങ്ക് നേതാക്കന്മാർ വിലയിരുത്തുകയും പ്രശംസിക്കുകയും ചെയ്തു.

9. വൈദിക സംഗമം

2019 ജൂലൈ 30 ചൊവ്വാഴ്ച ആശ്രമം ചാപ്പലിൽ സഭാമാനേജിംഗ് കമ്മറ്റിയംഗം ഫാദർ ജോസഫ് ജോൺ ആണ് വി. കുർബാന അർപ്പിച്ചത്.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 30,31 തിയ്യതികളിൽ നടത്തിയ ഈ സംഗമത്തിൽ മലബാർ ഭദ്രാസനത്തിലെ 50 വൈദിക ശ്രേഷ്ഠർ പങ്കെടുത്തു. നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാദർ. തോമസ് കുര്യൻ അധ്യക്ഷത വഹിച്ചു. ഫാദർ. മാത്യൂസ് വട്ടിയാനിക്കൽ, ഫാദർ വർഗീസ് ജോസഫ് (ആശ്രമം സുപ്പീരിയർ) ഫാദർ ഫിനഹാസ് റമ്പാൻ എന്നിവർ പ്രസംഗിച്ചു. ഫാദർ മോഹൻ ജോസഫാണ് രണ്ടു ദിവസവും ക്ലാസ് നയിച്ചത്. അഭിവന്ദ്യ തിരുമേനി ധ്യാനം നയിച്ചു. സമാപന സമ്മേളനത്തിൽ വൈദികശ്രേഷ്ഠർ ആശ്രമത്തിന്റെ സിൽവർ ജൂബിലിയിൽ ആശംസകളും പ്രാർത്ഥനകളും അർപ്പിച്ചു. എല്ലാവരും അട്ടപ്പാടി മിഷനെ അനുഗ്രഹിച്ചു.

10. വിശാല ക്രിസ്ത്യൻ കൂട്ടായ്മ

2019 ജൂലൈ 31 ബുധനാഴ്ച ആശ്രമം ചാപ്പലിൽ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തയാണ് വി. കുർബാന അർപ്പിച്ചത്. വൈകുന്നേരം 5 മണിക്ക് ആശ്രമചാപ്പലിൽ നടന്ന ഈ മേഖലയിലെ വിവിധ ക്രൈസ്തവ സഭകളിലെ ബ. വൈദീകരുടെയും സമർപ്പിതരായ സിസ്റ്റേഴ്സിന്റെയും സ്നേഹകൂട്ടായ്മ അട്ടപ്പാടിയിലെ ക്രൈസ്തവ സമൂഹങ്ങൾക്ക് തന്നെ പുത്തൻ ഉണർവ് നൽകി. വൈദികരും കന്യാസ്ത്രീകളുമായി 47 പേർ സ്നേഹസംഗമത്തിൽ പങ്കുചേർന്നു. ആശ്രമം സുപ്പീരിയർ ഫാ. വർഗീസ് ജോസഫും ഫാ. വർഗീസ് മാത്യുവും ഫാ. എം.ഡി. യൂഹാനോൻ റമ്പാനും സ്നേഹാദരവോടെ ഏവരെയും സ്വീകരിച്ചു. താവളം ഫൊറോന വികാരി ഫാദർ ജോസ് ആലയ്ക്കാകുന്നേൽ ആരോഗ്യമാതാ കോൺവെന്റിലെ സിസ്റ്റർ ആൻസിലിൻ എന്നിവർ അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിന് രജതജൂബിലി മംഗളങ്ങൾ അർപ്പിച്ചു. സ്നേഹവിരുന്ന് യഥാർത്ഥ സ്നേഹം പങ്കിടൽ ആയിരുന്നു.

11. മതേതര സംഗമം

2019 ആഗസ്റ്റ് 3 ശനിയാഴ്ച ആശ്രമചാപ്പലിൽ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയാണ് വി. കുർബാന അർപ്പിച്ചത്.

സെന്റ് ജെംസ് ഓഡിറ്റോറിയത്തിൽ നടന്ന സർവ്വമത സമ്മേളനം മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്ന അനുഭവമായി മാറി. അഭിവന്ദ്യ തിരുമേനി മുഖ്യപ്രഭാഷണം നടത്തി. ശാന്തിഗിരി ആശ്രമത്തിന്റെ ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരു രത്നജ്ഞാന തപസ്വി, അഗളി മഹല്ല് ഖത്ത്ബ റഷീദ് അൻവരി എന്നിവർ പ്രഭാഷകരായി മതസൗഹാർദ്ദത്തിന്റെ മാറ്റൊലി ശബ്ദം മുഴക്കി. ആശ്രമം സുപ്പീരിയർ ഫാദർ വർഗീസ് ജോസഫ്, ഫാദർ വർഗീസ് മാത്യു, ഫാദർ എം.ഡി. യൂഹാനോൻ റമ്പാൻ, ഷൈജു ഈപ്പൻ എന്നിവർ മതസൗഹാർദ്ദ സന്ദേശങ്ങൾ നൽകി.

12. അട്ടപ്പാടി ഓർത്തഡോക്സ് സെൻട്രൽ കൺവെൻഷൻ

അട്ടപ്പാടിയിലെ ഓർത്തഡോക്സ് കുടിയേറ്റ ചരിത്രത്തിന്റെ സപ്തതി നിറവിൽ അട്ടപ്പാടിയിലെ 6 ഓർത്തഡോക്സ് ഇടവകകൾക്ക് പുതുജീവൻ പകർന്നുകൊണ്ട് ആരംഭിച്ച 'ക്രിസ്തീയ സുവിശേഷ കൂട്ടായ്മ' ആണ് 'അട്ടപ്പാടി ഓർത്തഡോക്സ് സെൻട്രൽ കൺവെൻഷൻ'. ഇത് അവിടെയുള്ള ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ഒരു പുതിയ കാൽവെയ്പ്പാണ്. ഇടവകകൾ തമ്മിലുള്ള ഐക്യകൂട്ടായ്മയുടെ നേർകാഴ്ചയാണ് ആശ്രമത്തിന്റെ സിൽവർ ജൂബിലി നിറവിൽ ആരംഭിച്ച സെൻട്രൽ കൺവെൻഷൻ. ഇത് ലോകമുള്ള കാലത്തോളം തുടരണമെന്നാണ് ഭക്തജനങ്ങൾ അഭിപ്രായപ്പെട്ടത്. ആയതിന് ദൈവം തമ്പുരാൻ കനിഞ്ഞ് അനുഗ്രഹിക്കട്ടെ. മൂന്ന് ദിവസമാണ് 'അട്ടപ്പാടി ഓർത്തഡോക്സ് കൺവെൻഷൻ' നീണ്ടുനിന്നത്.

ഒന്നാം ദിനം

2019 ആഗസ്റ്റ് 12 തിങ്കളാഴ്ച ആശ്രമം ചാപ്പലിൽ തടാകം ക്രിസ്തു ശിഷ്യ ആശ്രമം ആക്ടിംഗ് ആചാര്യ ഫാദർ എൻ.എം. ജോർജാണ് വി. കുർബാന അർപ്പിച്ചത്. വൈകുന്നേരം 5.30ന് സന്ധ്യാസനമസ്കാരവും ഗാനശുശ്രൂഷയും മദ്ധ്യസ്ഥ പ്രാർത്ഥനയും തുടർന്ന് ഫാദർ സാംസൺ എം. സൈമൺ സുവിശേഷ പ്രഘോഷണവും നടത്തി. ഫാദർ വർഗീസ് മാത്യുവിന്റെ നേതൃത്വത്തിലുള്ള സെൻട്രൽ ക്വയറാണ് സുവിശേഷ ഗാനങ്ങൾ ആലപിച്ചത്.

രണ്ടാം ദിനം

2019 ആഗസ്റ്റ് 13 ചൊവ്വാഴ്ച ഫാദർ വർഗീസ് മാത്യുവാണ് ആശ്രമചാപ്പലിൽ വി കുർബാന അർപ്പിച്ചത്. വൈകുന്നേരം മാവേലിക്കര ഭദ്രാസന സെക്രട്ടറി ഫാദർ എബി ഫിലിപ്പ് സുവിശേഷ പ്രഘോഷണം നടത്തി.

മൂന്നാം ദിനം

2019 ആഗസ്റ്റ് 14 ബുധനാഴ്ച ആശ്രമം ചാപ്പലിൽ ഫാദർ എം.ഡി. യൂഹാനോൻ റമ്പാനാണ് വി. കുർബാന അർപ്പിച്ചത്. വൈകുന്നേരം ഗത്സമേന ധ്യാനകേന്ദ്രം ഡയറക്ടർ ഫാദർ വർഗീസ് മാത്യു സുവിശേഷ പ്രഘോഷണം നടത്തി.

മൂന്ന് ദിവസവും ഭക്തജനങ്ങൾക്ക് ആശ്രമത്തിൽ എത്തിച്ചേരാനുള്ള വാഹനസൗകര്യം ഒരുക്കിയിരുന്നു. ഓരോ ദിവസവും നടത്തിയ സ്നേഹവിരുന്നും സ്നേഹം പങ്കിടലിന്റെ മൂർത്തീഭാവമായിരുന്നു.

III. സിൽവർ ജൂബിലി പ്രസിദ്ധീകരണങ്ങൾ

1. അട്ടപ്പാടി മിഷൻ: കൃപയുടെ നാൾവഴികൾ

അട്ടപ്പാടി മിഷന്റെ 25 വർഷക്കാലത്തെ ദൈവകൃപയുടെയും സ്നേഹപരിലാളനത്തിന്റെയും അത്ഭുതകരമായ നടത്തിപ്പിന്റെയും ചുരുൾ അഴിയുന്ന '**അട്ടപ്പാടി മിഷൻ: കൃപയുടെ നാൾവഴികൾ**' എന്ന ചരിത്രപുസ്തകം യാഥാർത്ഥ്യമായി.

2. ആൽബം പ്രകാശനം

അട്ടപ്പാടി മിഷന്റെ പ്രവർത്തനങ്ങളുടെ മായാത്ത മുദ്രയായി സിൽവർ ജൂബിലി ആൽബം പൂവണിഞ്ഞു.

3. 'ദിദിമോസ് വോയ്സ്**'** എന്ന സിൽവർ ജൂബിലി സപ്ലിമെന്റ് പ്രകാശം പരത്തി.

4. '**ദിദിമോസ് വോയ്സ്**' എന്ന മാഗസിൻ അട്ടപ്പാടി മിഷന്റെ മുഖപത്രമായി മാറുകയാണ്. അതിന്റെ ഇന്റർനെറ്റ് എഡിഷൻ പിറവി ഈ പുണ്യസുദിനത്തിൽ.

IV. സിൽവർ ജൂബിലി സ്മാരകങ്ങൾ

സിൽവർ ജൂബിലി ആഘോഷങ്ങളുടെ നാലാമത്തെ മേഖല ജൂബിലി സ്മാരകങ്ങളാണ്.

1. സിൽവർ ജൂബിലി കവാടം

അട്ടപ്പാടി മിഷന്റെ സിൽവർ ജൂബിലി സ്മാരകമായി എന്നെന്നും കാണപ്പെടുവാൻ തക്കവണ്ണം നിർമ്മിച്ച കവാടവും കുരിശടിയും ആശ്രമത്തിന്റെ മുഖച്ഛായ കൂടുതൽ ആകർഷകമാക്കി. ചെങ്ങന്നൂരുള്ള 'പ്രൈം എഞ്ചിനീയേഴ്സി'ന്റെ ചീഫ് ആർക്കിടെക്റ്റ് ബിജു തോമസ് ആണ് ആർച്ച് ഗേറ്റ് രൂപകല്പന ചെയ്തത്. കഴിഞ്ഞ 10 വർഷമായി അട്ടപ്പാടിയുടെ എല്ലാ മന്ദിരങ്ങളും ബിജു തോമസിന്റെ മികവിന്റെ കൈപ്പണികളാണ്. യാതൊരു പ്രതിഫലവും സ്വീകരിക്കാതെയുള്ള ബിജുതോമസിന്റെ സേവനം അദ്ദേഹത്തെയും 'കൃപയുടെ നാൾവഴികളിൽ' സമുന്നത സ്ഥാനത്തിന് അർഹനാക്കുന്നു.

2. പത്രോസ് മാർ ഒസ്താത്തിയോസ് സ്മാരക മന്ദിരം

പുതുതായി നിർമ്മിച്ച ബാലികാ ഭവന്റെ ഒന്നാം നിലയാണ് 'പത്രോസ് മാർ ഒസ്താത്തിയോസ് സ്മാരകമന്ദിരം' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. 30 പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കാനുള്ള ഡോർമെറ്ററിയും വിശാലമായ പഠനമുറികളും 9 അധ്യാപകർക്ക് താമസിക്കാനുള്ള മുറികളും 10 ടോയ്‌ലറ്റുകളും ഒന്നാം നിലയിൽ സജ്ജമാക്കിയിട്ടുണ്ട്. ആർക്കിടെക്റ്റ് ബിജു തോമസാണ് ഇത് രൂപകല്പന ചെയ്തത്.

3. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് സ്മാരക ഓഡിറ്റോറിയം

സെന്റ് ജെംസിന്റെ സ്ഥാപനത്തെ അനുഗ്രഹിച്ച് ആശീർവദിച്ച ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പാവന സ്മരണയ്ക്കായി സെന്റ് ജെംസിന്റെ രണ്ടാം നിലയിൽ 500 പേർക്ക് ഇരിക്കാൻ സൗകര്യപ്രദമായി പണി കഴിപ്പിച്ചിരിക്കുന്ന ഓഡിറ്റോറിയം **'ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് സ്മാരക ഓഡിറ്റോറിയം'** എന്ന പേരിലാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്

ഇതിന്റെ പിന്നിലും എഞ്ചിനീയർ ബിജു തോമസിന്റെ കരവിരുതാണ്. ചെങ്ങന്നൂരുള്ള 'ജേക്കബ് മെറ്റൽസ് ഇൻഡസ്ട്രീസ്' ആണ് നിർമ്മാതാക്കൾ.

4. പ. ബസേലിയോസ് പൗലോസ് II റോബോട്ടിക്സ് ലാബ്

അട്ടപ്പാടി മിഷന്റെ സിൽവർ ജൂബിലി സ്മാരകമായി പുതുതായി പണി കഴിപ്പിച്ച 1300 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കിഴക്കേ ബ്ലോക്ക് മലങ്കര സഭയുടെ പരമാധ്യക്ഷനും കിഴക്കിന്റെ കാതോലിക്കയും മലങ്കര മെത്രാ

(ശേഷം 4-ാം പേജിൽ)

കണ്ണുനീർ താഴ്വരയിലെ ഒരു യാചന

ജിജി തോംസൺ IAS

ലോകസഞ്ചാരിയായ ഒരു ഹൈന്ദവ സുഹൃത്തിനോട് ഒരിക്കൽ ഞാൻ ചോദിച്ചു:

'ഇന്നുവരെ കണ്ടതിലേക്കും താങ്കളെ ഏറ്റവും ആകർഷിച്ച സ്ഥലം?'

'ലൂർദ്.'

'കാരണം?'

'ജിജീ; എനിക്കു പറയാനാവില്ല. അവിടത്തെ Atmosphere electrifying ആയിരുന്നു. മറ്റൊരു തീർത്ഥാടനകേന്ദ്രത്തിലും എന്തിന് ശബരിമലയിൽ പോലും എനിക്കു കണ്ടെത്താൻ കഴിയാത്ത രീതിയിലുള്ള ഒരു ശാന്തിയും സമാധാനവും അവിടെ കിട്ടി. It was truly electrifying

ലൂർദിൽ പോകാനുള്ള ആഗ്രഹം എന്നിൽ മൊട്ടിട്ടത് അങ്ങനെയാണ്. അങ്കമാലിക്കാരൻ അഡ്വ. സാജു ജേക്കബ് ജർമ്മനിയിലെ കൊളോൺ (Colon) നഗരത്തിൽ താമസിക്കുന്നുണ്ട്. ഭാര്യാസമേതനായി. സാജുവിനോട് എന്റെ ആഗ്രഹം പറഞ്ഞു. ജർമ്മനിയിൽ ചെന്നാൽ ഒരു കാറെടുത്ത് ഫ്രാൻസിന്റെ തെക്കേ അറ്റത്തുള്ള ലൂർദിൽ കൊണ്ടുപോകാമെന്ന് അദ്ദേഹം ഏറ്റു. ഇക്കാര്യം ഭാര്യ (ഷീലു)യോടു പറഞ്ഞപ്പോൾ അവൾ ആഹ്ലാദവതിയായി. മൂത്ത മകളുടെ കല്യാണത്തിനു മുമ്പ് മാതാവിന്റെ അടുത്തുപോയി പ്രാർത്ഥിക്കാനുള്ള അവസരം ഒരിക്കലും നഷ്ടപ്പെടുത്തരുതെന്ന വാശിയിലായി ഞങ്ങൾ. നോമ്പു നോറ്റു വേണം ലൂർദിൽ പോകേണ്ടതെന്ന് മരിയ ഭക്തയായ ഷീലുവിന്റെ അഭിപ്രായത്തോട് എനിക്ക് ഒരു വിയോജിപ്പും ഉണ്ടായില്ല. സാജുവിനോട് ഇക്കാര്യം പറഞ്ഞപ്പോൾ അവനും നോമ്പു നോക്കാമെന്ന് ഏറ്റു. പിന്നെ, പോകാനുള്ള തയ്യാറെടുപ്പായി. കൊളോണിൽ എത്തിയപ്പോൾ സാജുവിന്റെ സുഹൃത്തായ ഒരു മുസ്ലീം സഹോദരനും അദ്ദേഹത്തിന്റെ ഭാര്യയും കൂട്ടിനെത്തി. ഞങ്ങൾ ആറുപേർ സംഘത്തിലുള്ളതു കാരണം ഒരു മിനി വാൻ സംഘടിപ്പിച്ചു. ഡ്രൈവിംഗ് വശമുള്ളതിനാൽ ഒരു ഡ്രൈവറുടെ ആവശ്യം വേണ്ടിവന്നില്ല.

യാത്ര തുടങ്ങിയതു മുതൽ ഷീലു പാടാൻ തുടങ്ങി. അപ്പോൾ തങ്ങളെ സ്തബ്ധരാക്കിക്കൊണ്ട് മുസ്ലീം കൂട്ടുകാരന്റെ ഭാര്യ വാഹിദയും മരിയ ഭക്തിഗാനങ്ങൾ പാടാൻ കൂടി. വാഹിദയ്ക്ക് മാതാവിനോട് വലിയ സ്നേഹമാണ്. അവർ പാടിയപ്പോൾ അത് വ്യക്തമായി.

അമിതവേഗത്തിൽ വണ്ടി ഓടിക്കാൻ സാജുവും സുഹൃത്തും മത്സരിക്കുകയായിരുന്നു. ക്യാമറ കണ്ണുകൾ 'വെട്ടിക്കാൻ' ഞങ്ങളുടെ സഹായം തേടി. 'ദേ, ക്യാമറ, ക്യാമറ' എന്ന് ഞങ്ങൾ ആക്രോശിക്കുമ്പോൾ, സ്പീഡോമീറ്ററിൽ സൂചി പെട്ടെന്ന് ഇടത്തോട്ട് ചരിയും. പാട്ടും, ചിരിയും, ബഹളവുമായി ഞങ്ങൾ അവസാനം ലൂർദിലെത്തി.

മുൻകൂട്ടി പറഞ്ഞതനുസരിച്ച് ഞങ്ങൾ കന്യാസ്ത്രീകൾ നടത്തുന്ന ഒരു വിശ്രമാലയത്തിൽ എത്തി. എത്രയും വേഗം പള്ളിയിൽ പോകാനുള്ള ആവേശത്തിലായിരുന്നു ഞങ്ങൾ.

ദൂരെനിന്നും പള്ളി കണ്ടപ്പോൾത്തന്നെ സംതൃപ്തിയായി. കന്യകാമാതാവ് ഒരു കൊച്ചു പെൺകുട്ടിക്ക് (പിൽക്കാലത്ത് അവരും കന്യാസ്ത്രീയായി) പ്രത്യക്ഷപ്പെട്ട ലൂർദ്, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിശ്വാസികൾ ഒഴുകി എത്തുന്ന ലൂർദ്! മാതാവിന്റെ സന്നിധിയിൽ എത്താൻ എല്ലാവർക്കും എന്തൊരു ആവേശമാണെന്നോ! ചിലർ ഒരാൾ വലുപ്പത്തിലുള്ള മെഴുകുതിരി ചുമലിലേന്തി വരുന്നു. കാഴ്ചവസ്തുക്കളുമായി മറ്റു ചിലർ. ലാറ്റിൻ അമേരിക്ക, ആഫ്രിക്ക, ഏഷ്യ, ചൈന, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ളവരാണ് ഏറെയും. രോഗികളെ സ്ട്രെച്ചറിലും, വീൽ ചെയറിലുമായി കൊണ്ടുവരുന്നു. അല്പസമയത്തിനുള്ളിൽ പള്ളിയുടെ അങ്കണം മുഴുവൻ ജനസമുദ്രമായി. പ്രധാന അൾത്താരയ്ക്കു മുമ്പിൽ എത്താൻ ഞങ്ങൾ കഠിന പ്രയത്നം നടത്തി. അപ്പോൾ അവിടെ ഫ്രഞ്ചു ഭാഷയിൽ കുർബ്ബാന നടക്കുകയായിരുന്നു. പള്ളിയുടെ മുൻനിരകൾ മുഴുവൻ രോഗികളും, അശരണരും മാത്രം. സ്ട്രെച്ചറിലും, വീൽചെയറിലും രോഗികളുടെ നിരകൾ മാത്രം. അവരെ തള്ളിമാറ്റി മുന്നോട്ടു പോകാൻ മനസ്സുവന്നില്ല. സ്ട്രെച്ചറിൽ കിടത്തിയിരുന്ന ഒരു രോഗിയുടെ അടുത്ത് ഞാനും ഷീലുവും നിന്നു. അവരുടെ വേദന കണ്ടപ്പോൾ മനസ്സു പിടഞ്ഞു. ഇത്തരം വേദനകൾ ഒന്നും എനിക്കില്ല. എന്താണ് എനിക്ക് വേണ്ടത്? മകളുടെ കല്യാണം ഭംഗിയായി നടക്കണം. ദൈവാശ്രമയമുള്ള ഒരു ചെക്കനെ വേണം. കല്യാണം കഴിഞ്ഞ് അവർ നാടിനും നാട്ടാർക്കും കൊള്ളാവുന്നവരായി ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട് ജീവിക്കണം. അതിന് മാതാവ് ഞങ്ങൾക്കുവേണ്ടി യാചിക്കണം. ഈ ആവശ്യം ഉണർത്തിക്കാനാണ് ഞാനും ഭാര്യയും കൂട്ടുകാരും ലൂർദിലെത്തിയത്. എന്നാൽ, തൊട്ടടുത്തു നിൽക്കുന്നവരുടെ വേദന കണ്ടപ്പോൾ, അവരുടെ വിതുമ്പൽ കേട്ടപ്പോൾ ഞങ്ങളും വിതുമ്പിപ്പോയി. ദൈവമേ! ഞങ്ങളുടെ ആവശ്യം എത്രയോ നിസ്സാരം. കണ്ണീരിൽ കുതിർന്ന ഇവരുടെ ആവശ്യം നിറവേറ്റികൊടുക്കേണമേ. അൾത്താരയിൽ നിൽക്കുന്നവരും, പ്രാർത്ഥനയിൽ പങ്കെടുക്കുന്നവരും ഏക മനസ്സോടെ, ഏക ശബ്ദത്തിൽ യാചിക്കുന്നത് ഉൾക്കിടിലത്തോടെ ഞങ്ങൾ കണ്ടു. ചുറ്റും നോക്കി. എല്ലാവരുടേയും മുഖത്ത് കണ്ണീർതോടുകൾ! കരഞ്ഞു കരഞ്ഞു കലങ്ങിയ കണ്ണുകൾ! കരഞ്ഞു കരഞ്ഞു ചുവന്ന വദനങ്ങൾ! പ്രാർത്ഥനയ്ക്ക് ഭാഷയെന്തിന്? വാചാലത എന്തിന്? മനസ്സിലെ ഇംഗിതങ്ങൾ അറിയുന്നവന്റെ മുമ്പിൽ നിൽക്കുമ്പോൾ എന്ത് ആവശ്യങ്ങളാണ് ഉണർത്തിക്കേണ്ടത്? ദൈവമേ! എനിക്ക് ഒന്നും പറയാനാകുന്നില്ല. എന്റെ ഒരാവശ്യവും നിറവേറ്റിയിരുന്നില്ലെങ്കിലും, വേദന തിന്നുന്ന, എന്റെ അടുത്തു കിടക്കുന്ന, ഞാൻ ഒരിക്കലും തിരിച്ചറിയാത്ത ഈ മനുഷ്യന്റെ പ്രാർത്ഥന കേൾക്കേണമേ! കണ്ണുകളടച്ച്, ഏകാഗ്രതയോടെ ഞാൻ പ്രാർത്ഥിച്ചു. ധാരധാരയായ് ഒഴുകുന്ന കണ്ണുനീർ നിയന്ത്രിക്കാൻ ഞാൻ ശ്രമിച്ചതേ ഇല്ല. അപ്പോൾ കാതുകളിൽ ഒരു ഗാനവീചി അലയടിക്കാൻ തുടങ്ങി. അന്തരിച്ച എന്റെ മാതാവ് നിത്യവും പാടുന്ന ഒരു പാട്ടിന്റെ വരികൾ കേൾക്കാനായി:

"കണ്ണുനീർ താഴ്വരയിൽ

ഞാനേറ്റും ഭയപ്പെടുമ്പോൾ
കണ്ണുനീർ വാർത്തവനെൻ
കാര്യം നടത്തിത്തരും....
നിൻ മനം ഇളകാതെ
നിൻ മനം തകരാതെ
നിന്നോടുകൂടെയെന്നും
ഞാനുണ്ട് അന്ത്യം വരെ....."

സമാധാനമായ്, പള്ളിയിൽ നിന്നും പിരിയുമ്പോൾ എനിക്കും ഭാര്യക്കും സമാധാനമായി. കർത്താവ് ഞങ്ങളുടെ കാര്യം നടത്തിത്തരും. അന്ത്യം വരെയും അവൻ ഞങ്ങളൊടൊപ്പം ഉണ്ടായിരിക്കും. സമാധാനമായ് പോവുക! എന്തൊരനുഭവം! ഇത് electrifying അല്ലെങ്കിൽ പിന്നെന്താണ്....?

നാട്ടിൽ തിരിച്ചെത്തി, ഒരു മാസം കഴിഞ്ഞപ്പോൾ ഒരു വാർത്ത പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂളിലെ ഹെഡ്മാസ്റ്റർ റവ. ഫാ. ജേക്കബ് ഫിലിപ്പിന്റെയും, കാതോലിക്കേറ്റ് കോളേജ് പ്രൊഫസർ കുഞ്ഞമ്മയുടേയും മകൻ ഫിലിപ് ജേക്കബ് അഹമ്മദാബാദിലെ IIMൽ നിന്നും ഒന്നാം റാങ്കോടെ MBA പരീക്ഷ പാസായിരിക്കുന്നു. IIM അഹമ്മദാബാദിൽ നിന്നും ഒന്നാം റാങ്ക് നേടിയ ആദ്യത്തെ മലയാളി!

ഈ ചെക്കനാകുമോ എന്റെ മകളുടെ പ്രതിശ്രുത വരൻ? ഓർത്തഡോക്സ് സഭയുടെ മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയോട് മദ്ധ്യസ്ഥത യാചിച്ചു. (വൈദിക സെമിനാരിയിൽ ജേക്കബ് ഫിലിപ്പച്ചനും പക്കോമിയോസ് തിരുമേനിയും സഹപാഠികളായിരുന്നു) പിന്നെ, എന്താണ് ഉണ്ടായതെന്നോ? കാര്യങ്ങൾ ശരവേഗത്തിൽ 2006 ഏപ്രിൽ 21ന് പരുമല പള്ളിയിൽ വെച്ച് ഞങ്ങളുടെ മകൾ അന്ന വിവാഹിതയായി. അതേ, ഫിലിപ്പ് ജേക്കബുമായി.

നിറഞ്ഞ മനസ്സുമായ് മദ്ബഹായിലേക്കു നോക്കിയപ്പോൾ ഉണ്ണിയേശുവിനെ മടിയിൽ ഇരുത്തി ലാളിക്കുന്ന മാതാവിന്റെ ചിത്രം! ലോകൈകനാഥന് ജന്മം നൽകിയ ധന്യയായ മാതാവ്! ഉണ്ണിഈശനെ പാലമൃത് ഊട്ടിയ ധന്യയായ മാതാവ്! ഉണ്ണിയേശുവിനെ താരാട്ടുപാടി ഉറക്കിയ മാതാവ്! ആ താരിളം മേനിയെ പുൽകി, പൂങ്കവിളിൽ തെരുതെരെ ചുംബിച്ച മാതാവ്! മാതാവ് എന്തെങ്കിലും പറയുന്നുണ്ടോ?

'കണ്ണുനീർതാഴ്വരയിൽ നീ വന്ന് വിലപിച്ചില്ലേ? മറ്റുള്ളവർക്കു വേണ്ടി നീ സങ്കടയാചന നടത്തിയില്ലേ? അതിനാൽ കണ്ണുനീർ വാർത്ത കർത്താവ് നിന്റെ കാര്യം നടത്തിത്തരും! എന്നെന്നും! അവൻ നിന്നോടൊപ്പമുണ്ടാകും; നിന്റെ അന്ത്യം വരെയും!'

ഭാഗ്യവതിയായ അമ്മേ! പ്രാർത്ഥിക്കണമേ ഞങ്ങൾക്ക് എന്നുമെന്നും!

ഫാ. വറുഗീസ് ജോസഫ് (സജിയച്ചൻ)

ആശ്രമം സുപ്പീരിയർ സംസാരിക്കുന്നു...

മലങ്കര സഭയുടെ താപസജ്യോതിസായിരുന്ന പരി. ബസേലിയോസ് മാർത്തോമ്മ ദ്വിദിമോസ് പ്രഥമൻ ബാവായുടെ സ്വപ്നമായി 1944 ജൂലായ് 3ന് സമാരംഭിച്ച അട്ടപ്പാടി സെന്റ് തോമസ് ആശ്രമവും അനുബന്ധ സ്ഥാപനങ്ങളും സിൽവർ ജൂബിലി ആഘോഷത്തിന്റെ നിറവിലാണ്. 1998-ൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയാൽ തുടക്കമിട്ട സെന്റ് ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (സെന്റ് ജെംസ്) 21 വർഷം പിന്നിടുമ്പോൾ മൂന്ന് നിലകളിലായി സ്മാർട്ട് ക്ലാസ്സ് റൂമുകളും, റോബോട്ടിക് ഉൾപ്പെടെയുള്ള സൗകര്യങ്ങളുമായി സി.ബി.എസ്.ഇ അംഗീകാരത്തോടെ 550 കുട്ടികൾ പഠനം നടത്തുന്നു. 2000 ജനുവരി മുതൽ 10 വർഷക്കാലം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ ഭംഗിയായി പ്രവർത്തിച്ചു. ഇപ്പോൾ ബാലിക ഭവനത്തിൽ 45ഉം ബാലഭവനത്തിൽ 30ഉം കുട്ടികളായി 75 ആദിവാസി കുട്ടികൾ ഇവിടെ താമസിച്ചുവരുന്നു. മൂകരും ബധിരരും അനാഥരുമായ സ്നേഹ, സച്ചു എന്നിവരുടെ സംരക്ഷണവും, ചികിത്സയും അട്ടപ്പാടി മിഷന്റെ അഭിമാനകരമായ പ്രവർത്തനത്തിൽപ്പെടുന്നു. ആരോഗ്യപോഷണം പദ്ധതി ആദിവാസി ഊരുകളിൽ മൂന്ന് വർഷക്കാലം നടത്തുവാൻ സാധിച്ചതും നന്ദിയോടെ ഓർക്കുന്നു.

2005 മുതൽ വലിയ നോമ്പിലേയും മൂന്ന് നോമ്പിലേയും ഉപവാസ ദിനങ്ങൾ ഒഴികെ വർഷത്തിൽ എല്ലാ ദിവസവും ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചുവരുന്നു. പരി. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള സെന്റ് ഗ്രീഗോറിയോസ് കുരിശുപള്ളിയിൽ എല്ലാ ബുധൻ, വെള്ളി ദിവസങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥന, ധ്യാനം എന്നിവ നടത്തിവരുന്നതോടൊപ്പം എല്ലാ ദിവസവും രാവിലെയും വൈകീട്ടുമുള്ള ധൂപ പ്രാർത്ഥനയും നടത്തുന്നു. അനേകായിരങ്ങൾ പ്രാർത്ഥനാവിഷയങ്ങൾ അറിയിക്കുന്നതനുസരിച്ച് ഗെത്സെമോൻ ധ്യാനകേന്ദ്രത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. ചുറ്റുപാടുമുള്ള 6 ഇടവകകളിലായി 250ലധികം വരുന്ന ഓർത്തഡോക്സ് കുടുംബങ്ങളും അവിടുത്തെ വികാരിയച്ചന്മാരും ആശ്രമത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ചുവരുന്നു.

വന്ദ്യ എം.ഡി. യൂഹാനോൻ റമ്പാൻ, വന്ദ്യ എസ്. പോൾ റമ്പാൻ വർഗീസ് ജോസഫ് അച്ചൻ, വർഗീസ് മാത്യു അച്ചൻ എന്നിവരുടെ അക്ഷീണ പ്രവർത്തനങ്ങളാണ് ഇന്ന് കാണുന്ന ആശ്രമവും അനുബന്ധ സ്ഥാപനങ്ങളും. കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി വിസിറ്റർ ബിഷപ്പായി നേതൃത്വം നൽകിവരുന്നു. 2019 ജൂലായ് 3ന് ആരംഭിച്ച സിൽവർ ജൂബിലി ആഘോഷങ്ങൾ ആഗസ്റ്റ് 16ന് പരി. ബസേലിയോസ് പൗലോസ് II കാതോലിക്ക ബാവായുടെ മുഖ്യകാർമ്മികത്വത്തിലുള്ള വി. കുർബ്ബാനയോടും പൊതുസമ്മേളനത്തോടുംകൂടി സമാപിക്കുന്നതാണ്. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആദിവാസി-ദളിത് സംഗമം, പ്രതിഭാസംഗമം, ഓർത്തഡോക്സ് കുടുംബസംഗമം, ജനപ്രതിനിധി സംഗമം, മലബാർ ഭദ്രാസന വൈദിക സംഗമം, മതേതര സംഗമം, അട്ടപ്പാടി സെൻട്രൽ കൺവെൻഷൻ, പ്രാർത്ഥനായോഗ സംഗമം എന്നീ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു.

25 കുട്ടികൾക്ക് പഠനസഹായം, 25 രോഗികൾക്ക് ചികിത്സാ സഹായം, രണ്ട് ഭവനരഹിതർക്ക് വീടുകൾ, രണ്ട് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം എന്നിവ നടത്താൻ ഉദ്ദേശിക്കുന്നു. ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നാമത്തിൽ ബാലിക ഭവനത്തിന്റെ രണ്ടാം നില അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നാമത്തിൽ സെന്റ് ജെംസ് സ്കൂളിൽ ഓഡിറ്റോറിയം, പരി. ദീദിമോസ് പ്രഥമൻ ബാവായുടെ നാമത്തിൽ ബിഷപ്സ് ഗസ്റ്റ് ഹൗസ്, സിൽവർ ജൂബിലി ആർച്ച് ഗേറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തിയായി വരുന്നു.

കൂടാതെ, ആശ്രമത്തിൽ 25 വർഷത്തെ ചരിത്രമുൾക്കൊള്ളുന്ന ഒരു ഗ്രന്ഥം സിൽവർ ജൂബിലി സമാപന സമ്മേളനത്തിലേക്കും മറ്റു പ്രവർത്തനങ്ങളിലേക്കും ഏവരുടെയും സാന്നിദ്ധ്യവും, പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ആശംസകളുമായി മുൻമുഖ്യമന്ത്രി ആശ്രമത്തിൽ

2019 ആഗസ്റ്റ് 11 ഞായറാഴ്ച കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അട്ടപ്പാടി ആശ്രമം സന്ദർശിച്ച് സിൽവർ ജൂബിലി ആശംസ നേർന്നു.

സിൽവർ ജൂബിലി സംഗമങ്ങൾ

സിൽവർ ജൂബിലി വിളംബരസംഗമം

2018 ജൂലൈ 3 ചൊവ്വാഴ്ചയാണ് അട്ടപ്പാടി മിഷന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് വിളംബര സംഗമം നടത്തിയത് വന്ദ്യ യൂഹാനോൻ റമ്പാനാണ് സംഗമം ഉദ്ഘാടനം ചെയ്തത്.

സ്ഥാപന ദിനാചരണ സംഗമം

2019 ജൂലൈ 3 ബുധനാഴ്ച സ്ഥാപനദിനാചരണ സിൽവർ ജൂബിലി സംഗമം നടത്തി. കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അധ്യാപകനും ശ്രുതി സ്കൂൾ ഓഫ് മ്യൂസിക്കിന്റെ പ്രഥമ ഡയറക്ടറുമായ ഫാദർ. ഡോ. എം.പി. ജോർജ് ആശ്രമം ചാപ്പലിൽ സുറിയാനിയിൽ വി. കുർബാന അർപ്പിച്ചു. സിൽവർ ജൂബിലി സ്തോത്ര പ്രാർത്ഥന നടത്തി.

വനിതാ സംഗമം

2018 ഡിസംബർ 27,28 തിയ്യതികളിലാണ് മർത്തമറിയം വനിതാസംഗമം നടത്തിയത്. അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്ത, അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത, ഫാദർ ജോജി കെ. ജോയ്, ജനറൽ സെക്രട്ടറി പ്രൊഫസർ മേരി മാത്യു, പ്രഭാവർഗീസ്, ലൂസി രാജ് തുടങ്ങിയ സമുന്നത നേതൃത്വനിര വനിതാസംഗമം വർണ്ണാഭമാക്കി.

മാർത്തോമ്മസ്മൃതി

2019 ജൂലൈ 3 ബുധനാഴ്ച 'മാർത്തോമ്മസ്മൃതി' സെമിനാർ നടത്തി. ഫാദർ ഡോ. എം.പി. ജോർജ് സെമിനാർ ഉദ്ഘാടനം ചെയ്തു. ജാർളി മാത്യു തളികസ്ഥാനം മാർത്തോമ്മസ്മൃതി സന്ദേശം നൽകി. ആദിവാസി കുഞ്ഞുങ്ങളുൾപ്പെടെ ഭക്തജനങ്ങളും വൈദികശ്രേഷ്ഠരും ശെമ്മാശന്മാരും സ്മൃതിസംഗമത്തിന് സാക്ഷ്യം വഹിച്ചു.

ദലിത് സംഗമം

2019 ജൂലൈ 6 ശനിയാഴ്ച ആദിവാസി മക്കളുടെ കുടുംബസഗംമം ആദി ഡയറക്ടർ ഫാദർ ലെനിൻ ആന്റണി ഉദ്ഘാടനം ചെയ്തു. അവരുടെ കലാ-കായികമത്സരങ്ങൾ നടത്തി. അവരിൽ നിന്നും പ്രതിഭകളെ കണ്ടെത്തി ആദരിച്ചു.

ജ്യോതിർഗമയ സംഗമം

2019 ജൂലൈ 5 വെള്ളിയാഴ്ച സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ ജ്യോതിർഗമയ സംഗമത്തിൽ കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ സെന്റ് ജെംസിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. വൈകുന്നേരം ആശ്രമത്തിലെ ആദിവാസി കുഞ്ഞുങ്ങളുമായി സംവദിച്ചു.

പ്രതിഭാസംഗമം

2019 ജൂലൈ 13 ശനിയാഴ്ച അട്ടപ്പാടിയിലെ 12 വിദ്യാലയങ്ങളിൽ നിന്ന് 2018-19 അധ്യയന വർഷത്തിൽ 10,12 ക്ലാസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ 45 വിദ്യാർത്ഥികളെ അനുമോദിച്ച് പ്രതിഭാസംഗമം നടത്തി. മട്ടത്തുകാട് ഏരീസ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ യു.ഐ. ഷാജുവാണ് സെന്റ് ജെംസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തത്.

ജനപ്രതിനിധി സംഗമം

2019 ജൂലൈ 27 ശനിയാഴ്ച അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെയും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെയും വിവിധ ജനപ്രതിനിദികളും രാഷ്ട്രീയ നേതാക്കളും സാംസ്ക്കാരിക നായകന്മാരും മാധ്യമപ്രവർത്തകരും ഒത്തുകൂടിയ ജനപ്രതിനിധി സംഗമം ജനശ്രദ്ധ നേടി. അട്ടപ്പാടിയുടെ സമഗ്ര വികസനത്തിൽ പ. ഓർത്തഡോക്സ് സഭയുടെ പങ്ക് നേതാക്കൻമാർ വിലയിരുത്തുകയുണ്ടായി.

ഓർത്തഡോക്സ് കുടുംബസംഗമം

2019 ജൂലൈ 20 ശനിയാഴ്ച അട്ടപ്പാടിയിലെ ആറ് ഓർത്തഡോക്സ് ദേവാലയങ്ങളിലെ മുഴുവൻ കുടുംബങ്ങളും ഒത്തുചേർന്ന ഓർത്തഡോക്സ് കുടുംബസംഗമം നടത്തി. 'ക്രിസ്തീയ കുടുംബജവിതത്തിന്റെ മാധുര്യ'ത്തെക്കുറിച്ച് ഗ്ലോറിയ ന്യൂസ് പബ്ലിക്കേഷൻസ് ചെയർമാൻ ഫാദർ ബിജു പി.തോമസാണ് പ്രഭാഷണം നടത്തിയത്.

അട്ടപ്പാടി ഓർത്തഡോക്സ് സെൻട്രൽ കൺവെൻഷൻ

അട്ടപ്പാടിയിലെ ഓർത്തഡോക്സ് കുടിയേറ്റ ചരിത്രത്തിന്റെ സപ്തതി നിറവിൽ അവിടെയുള്ള ആറ് ഓർത്തഡോക്സ് ഇടവകകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 2019 ആഗസ്റ്റ് 12,13,14 തിയ്യതികളിൽ ആശ്രമചാപ്പലിലാണ് സെൻട്രൽ കൺവെൻഷൻ നടത്തിയത്. ഫാദർ സാംസൺ എം. സൈമൺ, ഫാദർ എബി ഫിലിപ്പ്, ഫാദർ വർഗീസ് മാത്യു എന്നിവരാണ് സുവിശേഷ പ്രഘോഷണം നടത്തിയത്.

ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാശ്ലീഹ

ജാർളി മാത്യു തളികസ്ഥാനം
(തോമ്മാ മത്തായി)

മനുഷ്യനു ദൈവം നൽകിയ ഒരു വലിയ കഴിവാണ് ഓർമ്മശക്തി. ഓർമ്മ നഷ്ടപ്പെട്ടവന് തന്റെ പ്രിയപ്പെട്ടവരെയോ ബന്ധുക്കളെയോ തിരിച്ചറിയാൻ കഴിയാതെ വരും. ഗതകാല സംഭവങ്ങളെക്കുറിച്ചുള്ള ഓർമ്മയാണു ചരിത്രം എന്നത്. സഭയുടെ കഴിഞ്ഞകാലത്തെക്കുറിച്ചുള്ള ഓർമ്മയാണ് സഭാചരിത്രം. ആ ഓർമ്മ നഷ്ടമായാൽ ഒരുവന് അവനായിരിക്കുന്ന സഭയെയും അതിന്റെ പൂജ്യമായ പൈതൃകത്തെയും കണ്ടെത്താൻ കഴിയുകയില്ല. വേരു നഷ്ടമായാൽ വൃക്ഷങ്ങൾക്കു നിലനിൽക്കാനാവില്ല. ഉറവിടങ്ങളെക്കുറിച്ച് സഭാതനയർ അജ്ഞരാകാൻ പാടില്ല. ഉറവിടങ്ങളിലേക്കു തിരിച്ചുപോകാനും വേരുകൾ കണ്ടെത്താനും അതിലൂടെ ബലവത്തും കരുത്തുറ്റതുമായ ഒരു ഭാവി രൂപപ്പെടുത്താനും നമ്മെ സഹായിക്കുന്നു.

ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികളുടെ ചരിത്രത്തിന്റെ ഏടുകളിലേക്കു നാം കടന്നാൽ 16-ാം നൂറ്റാണ്ടു വരെ ഒരേ ഒരു മ്ശിയാനിയ (ക്രൈസ്തവ) സഭ മാത്രമേ ഇന്ത്യയിൽ ഉണ്ടായിരുന്നുള്ളൂ. അത് മാർത്തോമ്മാ നസ്രാണികളുടെ സഭ ആയിരുന്നു. നമ്മുടെ കർത്താവ് ഈശോമ്ശിഹായുടെ ശിഷ്യൻമാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന സഭയാണിത്. കാരണം ഈ സഭ മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമാണ്. ശ്ലീഹാക്കാലം 50 എ.ഡി മുതൽ 72 വരെയുള്ള മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമാണല്ലോ ഇവിടുത്തെ നസ്രാണി സഭ.

യേശുവിന്റെ ജനനത്തിനു മുമ്പു തന്നെ ഗ്രീക്ക്-റോമൻ സാമ്രാജ്യവും ദക്ഷിണേന്ത്യയുമായി കച്ചവടബന്ധം നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തോമ്മാശ്ലീഹായ്ക്ക് ഇന്ത്യയിൽ എത്തുക ദുഷ്ക്കരമായിരുന്നില്ല.

2 മുതൽ 6 വരെയുള്ള നൂറ്റാണ്ടുകളിലെ സഭാപിതാക്കൻമാർ തങ്ങളുടെ കൃതികളിലും, പ്രബോധനങ്ങളിലും നേരിട്ടോ അല്ലാതെയോ മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനങ്ങളെയും, രക്തസാക്ഷിത്വത്തെയും, മാർത്തോമ്മാ നസ്രാണികളെയും, ഇന്ത്യയിലെ സഭയെയും മാർത്തോമ്മാ ശ്ലീഹായുടെ മൈലാപ്പൂരിലെ കബറിടത്തെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉദാഹരണത്തിന്. ഒരിജൻ (185-254 AD) അപ്രേം (306-373), ഗ്രീഗറീനസിയാൻസൻ (329-390), മിലാനിലെ അംബ്രോസ് (335-397), ജോൺ ക്രിസോസ്റ്റം (347-407), ജെറോം (345-419), നോളായിലെ പാളീനോസ് (353-491), സെരൂഗിലെ യാക്കോബ് (451-521) ടൂർസിലെ ഗ്രീഗറി (538-594)

പാശ്ചാത്യ പൗരസ്ത്യ സഭകളുടെ ആരാധനാക്രമങ്ങളിൽ പ്രത്യക്ഷമായും, പരോക്ഷമായും തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതത്വത്തെയും രക്തസാക്ഷിത്വചരിത്രത്തെയുംപറ്റി പരാമർശിക്കുന്നുണ്ട്. പ്രാചീന രക്തസാക്ഷിചരിത്രത്തിലും ആരാധനക്രമപഞ്ചാംഗങ്ങളിലും തോമ്മാശ്ലീഹായെ ഇന്ത്യയോടു ബന്ധപ്പെടുത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്.

മൂന്നാം നൂറ്റാണ്ടിൽ എദേസായിൽ നിന്നും രചിക്കപ്പെട്ട യൂദാസ് തോമ്മായുടെ നടപടികൾ (Acts of Judas Thomas) എന്ന പ്രാചീന ഗ്രന്ഥത്തിലും 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട തോമ്മായുടെ പ്ലീഡാസഹനം എന്ന ഗ്രന്ഥത്തിലും ഇന്ത്യയിലെ നസ്രാണികളുടെ ശ്ലൈഹിക ഉത്ഭവത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. യൂദാസ് തോമ്മായുടെ നടപടികൾ എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതനുസരിച്ച് ഗുണ്ടഫറസ് എന്ന രാജാവിന്റെ സഹായത്തോടെയാണ് തോമ്മാശ്ലീഹാ ഇന്ത്യയിൽ എത്തുന്നത്. ഗുണ്ടഫറസ് എന്ന രാജാവ് ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ ഭരണം നടത്തിയിരുന്നുവെന്ന് സമകാലിക ഗവേഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. (G. Nedungatt Quest for the Historical Thomas Apostle of India A Re-reading of the Evidence, Bangalore, 2008, 81-86) മാർത്തോമ്മാ ശ്ലീഹാ രൂപം കൊടുത്ത പുരാതന ക്രൈസ്തവ സമൂഹങ്ങളും തോമ്മാശ്ലീഹാ സ്ഥാപിച്ച സ്ലീവാകളും ആരാധനുക്രമമുറകളും, അത്ഭുത പ്രവർത്തനങ്ങളും, തോമ്മാശ്ലീഹാ ഇന്ത്യയിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രതിസന്ധികളും, അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ശ്ലീഹായുടെ പോരാട്ടങ്ങളും, മാർത്തോ ശ്ലീഹാ സ്ഥാപിച്ച സഭയുടെ ഭരണക്രമങ്ങളും പട്ടക്കാരുടെ ക്രമവും, നിയമനവും, കൈവയ്പും ആരാധനാക്രമവും, തോമ്മാശ്ലീഹായുടെ ജീവിതരീതിയും, വിശ്വാസത്തെപ്രതി ശൂലാരോഹിതനാവേണ്ടിവന്നതും, തന്റെ രക്തം ചിന്തി ഇന്ത്യയിൽ രക്തസാക്ഷിത്വം വഹിക്കേണ്ടിവന്നതും, കബറടക്കപ്പെട്ടതും എല്ലാം നാടൻപാട്ടുകളുടെയും അനുഷ്ഠാന കലകളുടെയും രൂപത്തിൽ പ്രാചീനകാലം മുതലേ ഇവിടെ പ്രചാരത്തിലുണ്ട്. ഇത്തരത്തിലുള്ള പൗരാണികത്വം അവകാശപ്പെടാവുന്ന റമ്പാൻ പാട്ട്, മാർഗ്ഗം കളിപ്പാട്ട്, വീരടിയാൻ പാട്ട് ഇവ ഉദാഹരണങ്ങളാണ്.

മദ്രാസ്, മൈലാപ്പൂരിലുള്ള തോമ്മാശ്ലീഹായുടെ കബറിടം ശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനത്തിന്റെ വലിയ തെളിവാണ്. മാർത്തോമ്മാ നസ്രാണികളുടെ അദ്ധ്യാത്മിക ജീവിതത്തിൽ പ്രധാന സ്ഥാനമാണ് തോമ്മാശ്ലീഹായുടെ കബറിടത്തിനുള്ളത്. മൈലാപ്പൂരിലേക്കു തീർത്ഥാടനം മുടങ്ങാതെ നടത്തുകയും പ്രത്യേകമായി ജീവിതത്തിലെ നിർണ്ണായകഘട്ടങ്ങളിലെല്ലാം ഉദാഹരണത്തിന് വിവാഹത്തിനു മുമ്പും ശേഷവും, പൗരോഹിത്യ സ്വീകരണത്തിനു മുമ്പും ശേഷവും വിശ്വാസിയുടെ കബറിടം സന്ദർശിച്ചു വണങ്ങി പ്രാർത്ഥിക്കയും അവിടുന്നു കൊണ്ടുവരുന്ന മണ്ണ് പുണ്യകർമ്മങ്ങൾക്കും ഹന്നാൻ വെള്ളം ആശീർവദിക്കുന്നതിനും ഉത്കണ്ഠാരോഗത്തിന് ഔഷധമായി കുടിക്കുകയും, തളിക്കുകയും ചെയ്യുന്ന പതിവ് 16-ാം നൂറ്റാണ്ടു വരെയും നിലനിന്നിരുന്നു.

ബി.സി. പത്താം നൂറ്റാണ്ടു മുതൽ ദക്ഷിണേന്ത്യയുമായി യഹൂദർക്കു വ്യാപാരബന്ധമുണ്ടായിരുന്നു. വ്യാപാരഭാഷ അറമായ അഥവാ സുറിയാനി ആയിരുന്നു. ഈ ഭാഷ ഈശോയുടെയും മറിയത്തിന്റെയും ശ്ലീഹൻമാരുടെയും സഭാപിതാക്കൻമാരുടെയും, സുവിശേഷത്തിന്റെയും ആയിരുന്നല്ലോ. കൊടുങ്ങല്ലൂർ, പറവൂർ, കൊല്ലം, മുട്ടം, ചേക്കാട് തുടങ്ങിയ സ്ഥലങ്ങളിലെ യഹൂദ കോളനികളാകാം ദക്ഷിണേന്ത്യയിലേക്കു വരുവാൻ മാർത്തോമ്മാ ശ്ലീഹായെ പ്രേരിപ്പിച്ച ഘടകം. കാരണം ഒരു യഹൂദൻ എന്ന നിലയിൽ രക്ഷയുടെ സന്ദേശം യഹൂദരെ അറിയിക്കാൻ തോമ്മാശ്ലീഹായ്ക്കു കടമയുണ്ടല്ലോ. (മത്തായി 10:6) അതിനാൽ തോമ്മാശ്ലീഹാ സുവിശേഷമറിയിച്ചത് ഇന്ത്യയിലെ യഹൂദരോട് അവരുടെ ഭാഷയായ അറമായയിലാണ്. അതിനുശേഷമാകാം ശ്ലീഹാ ഇന്ത്യയിലെ ഇത്ര സമൂഹങ്ങളിലേക്കു ശ്രദ്ധ തിരിച്ചത്.

ക്രിസ്തുവർഷം 189നും 190നും ഇടയിൽ ഇന്ത്യയിൽ എത്തിയ അലക്സാന്ദ്രിയായിലെ പ്രമുഖ പണ്ഡിതനായ 'പന്തേനൂസ്' രണ്ടാം നൂറ്റാണ്ടിനു മുമ്പേ ഇന്ത്യയിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാർത്തോമ്മാ നസ്രാണികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇവർ തോമ്മാമാർഗ്ഗം അഥവാ തോമ്മായുടെ നിയമം വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്നു. ഈ മാർഗ്ഗം തങ്ങളുടെ പൂർവ്വികരെ പഠിപ്പിച്ചത് തോമ്മാശ്ലീഹാ തന്നെ ആയിരുന്നു എന്ന് ഉത്തമബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണ് അവർ അതിനോട് അത്രയധികം കൂറുകാണിച്ചത്.

സുവിശേഷത്തിൽ

യോഹന്നാന്റെ സുവിശേഷത്തിൽതോമ്മാ ശ്ലീഹായെക്കുറിച്ചു വായിക്കുന്ന വിവരണങ്ങളിലെല്ലാം അദ്ദേഹത്തിന്റെ തീക്ഷ്ണതയും, ലാളിത്യവും, ധൈര്യവും ദ്യോതിപ്പിക്കുന്നവയാണ്. ബഥാനിയായിലെ സ്നേഹിതനായ ലാസർ രോഷബാധിതനാണെന്നറിഞ്ഞ് അവനെ സുഖപ്പെടുത്താൻ പോകുന്ന ഈശോയെ കല്ലെറിയാൻ യഹൂദർ കാത്തിരിക്കുന്നു എന്നു ശിഷ്യർ പറയുമ്പോൾ ധൈര്യസമേതം തോമ്മാ പറയുന്നുണ്ട്. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" (യോഹന്നാൻ 111/g) ശ്ലീഹായുടെ പിൽക്കാല ജീവിതം കൂടി അറിയുമ്പോൾ പ്രസ്തുത വചനം ധീരമായ ആത്മസമർപ്പണത്തിന്റെ പ്രകാശനമാണെന്നു ബോദ്ധ്യപ്പെടും. സ്വന്തം ജീവനെക്കുറിച്ച് അമിത വ്യഗ്രതയുള്ളവർക്ക് സ്വജീവൻ നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചു ചിന്തിക്കാൻ പോലുമാവില്ല.

താനാണ് പിതാവിലേയ്ക്കുള്ള വഴിയെന്നും നിങ്ങൾക്കായി പിതാവിന്റെ ഭവനത്തിൽ വാസസ്ഥലം ഒരുക്കുവാൻ പോവുകയാണെന്നും ഈശോ തന്റെ ശ്ലീഹൻമാരോട് അരുളിച്ചെയ്യുമ്പോൾ അവിടേയ്ക്കുള്ള വഴിയെക്കുറിച്ച് തോമ്മാശ്ലീഹാ ചോദിക്കുകയാണ് (യോഹന്നാൻ 14:5) ഇതിനു മറുപടിയായി ഏതൊരുവനെയും ഈശോയിലേക്ക് അടുപ്പിക്കുന്നതാണ് "ഞാനാണ് വഴിയുംസത്യവും ജീവനും" (യോഹന്നാൻ 14:6) ഈ വഴി മനസ്സിലാക്കി നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹാ നമുക്കായി "മാർഗ്ഗം" കാട്ടിത്തന്നു. അത് ഈശോയിലേക്കും, പിതാവിലേക്കും, റൂഹാദ്ക്കുദ്ശായിലേക്കും ആയിരുന്നു.

തോമ്മാശ്ലീഹായ്ക്ക് ഈശോയോടുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ആഴത്തെ ധ്വനിപ്പിക്കുന്ന വാക്കുകളാണ് "എന്റെ കർത്താവേ, എന്റെ ദൈവമേ" (യോഹന്നാൻ 20:24) ഇത്രമാത്രം ഈശോയെ സ്നേഹിച്ചിട്ടും മറ്റു ശിഷ്യർക്ക് കിട്ടിയ ഉത്ഥാനാനുഭവം തനിക്കു ലഭിച്ചില്ലല്ലോ എന്നു ചിന്തിക്കുന്ന തോമ്മാ പ്രിയ ഗുരുവിനോട് വാശി പിടിക്കുകയാണ് അവനു വേണ്ടി മരിക്കുവാൻ പോലും തയ്യാർ എന്നു പ്രഖ്യാപിച്ചിട്ടും തനിക്കു മാത്രം ദർശനം ലഭിച്ചില്ല എന്ന അഗാധമായ വേദനയോടെ ഉള്ള വാശി ഈശോ പ്രത്യക്ഷപ്പെടുന്ന ക്ഷണത്തിൽ തന്നെ വലിയ വിശ്വാസ പ്രഖ്യാപനം നടത്തി സമർപ്പണത്തിന്റെ മാതൃക കാട്ടുകയാണ് നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹാ.

മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ അട്ടപ്പാടിയിലെ മാർത്തോമ്മാ ശ്ലീഹാ ഒയറ അതിന്റെ ശുശ്രൂഷയിലൂടെയുള്ള കാൽനൂറ്റാണ്ടു പിന്നിട്ടിരിക്കുന്നു. മ..........പണിത പട്ടണം പോലെ അത് സഭയ്ക്കും സമുദായത്തിനും നാടിനും നാട്ടുകാർക്കും പ്രകാശം പരത്തി പ്രശോഭിക്കുന്നു. "പീത്രത്തിൽ" മേൽ വച്ച വിളക്കുപോലെ നാട്ടുകാരനായ നമ്മുടെ പിതാവും, ഈശോയുടെ ശ്ലീഹായുമായ മാർത്തോമ്മായുടെ പ്രാർത്ഥനകൾ ....അഭയവും കോട്ടയുമായിക്കണ്ടു. മാർത്തോമ്മാ മാർഗ്ഗത്തിലൂടെ സഭയുടെ ശ്രേഷ്ഠമായ പാരമ്പര്യങ്ങൾ കാത്തു സൂക്ഷിക്കുവാനും അത് വരും തലമുറയ്ക്കു അഭംഗുകരമായും അവികലമായും കൈമാറുവാനുള്ള വലിയ ഉത്തരവാദിത്തം സഭാമക്കൾക്കുണ്ട് അതിനായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം.

സിൽവർ ജൂബിലി സംഗമങ്ങൾ

വൈദികസംഗമം

2019 ജൂലൈ 30,31 തിയ്യതികളിൽ മലബാർ ഭദ്രാസനത്തിലെ 50 ഓളം വൈദിക ശ്രേഷ്ഠരുടെ പങ്കാളിത്തത്തോടുകൂടി വൈദികസംഗമം നടന്നു. നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രപ്പോലീത്തയാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

വിശാല ക്രിസ്ത്യൻ കൂട്ടായ്മ

2019 ജൂലൈ 31 ബുധനാഴ്ച അട്ടപ്പാടി മേഖലയിലെ വിവിധ ക്രൈസ്തവ സഭകളിലെ ബ. വൈദീകരുടെയും സമർപ്പിതരായ സിസ്റ്റേഴ്സിന്റെയും സ്നേഹകൂട്ടായ്മ സംഘടിപ്പിച്ചു. താവളം ഫൊറോന വികാരി ഫാദർ. ജോസ് ആലയ്ക്കാകുന്നേൽ ആരോഗ്യമാതാ കോൺവെന്റിലെ സിസ്റ്റർ ആൻസിലിൻ എന്നിവരാണ് അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിന് രജതജൂബിലി മംഗളങ്ങളർപ്പിച്ചത്.

മതേതരസംഗമം

2019 ആഗസ്റ്റ് 3 ശനിയാഴ്ച സെന്റ് ജെംസ് ഓഡിറ്റോറിയത്തിൽ നടന്ന സർവ്വമതസമ്മേളനത്തിൽ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയാണ് മുഖ്യ പ്രഭാഷണം നടത്തിയത്. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, അഗളി മഹല്ല് ഖത്ത്ബ റഷീദ് അൻവരി എന്നിവർ പ്രഭാഷകരായി.

സെന്റ് തോമസ് ആശ്രമം: സിൽവർ ജൂബിലി ആഘോഷം

(1-ാം പേജിൽ നിന്ന് തുടർച്ച)

പ്പോലീത്തയുമായ പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവായുടെ പേരിൽ 'പ. ബസേലിയോസ് പൗലോസ് II റോബോട്ടിക്സ് ലാബ്' എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പത്ത് ലക്ഷം രൂപ മുടക്കി നവംബർ മാസത്തോടെ ലാബ് സജ്ജമാവും.

5. മാർ സേവേറിയോസ് കമ്പ്യൂട്ടർ ലാബ് & ലൈബ്രറി

അട്ടപ്പാടി മിഷന്റെ സിൽവർ ജൂബിലി സ്മാരകമായി പുതുതായി പണി കഴിപ്പിച്ച 1300 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സെന്റ് ജെംസിന്റെ പടിഞ്ഞാറേ ബ്ലോക്ക് മിഷന്റെ പ്രസിഡന്റും വിസിറ്റർ ബിഷപ്പുമായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ പേരിൽ 'മാർ സേവേറിയോസ് കമ്പ്യൂട്ടർ ലാബ് & ലൈബ്രറി' എന്നാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്.

6. ബിഷപ്പ് മന്ദിരം

ആശ്രമചാപ്പലിന്റെ വടക്ക് ഭാഗത്ത് പുതുതായി പണി കഴിപ്പിച്ച ബിഷപ്പ് ഹൗസിന് മിഷന്റെ സ്ഥാപക പിതാവ് വലിയ ബാവാ തിരുമേനിയുടെ പാവന സ്മരണ എന്നെന്നും നിലനിൽക്കത്തക്കവണ്ണം 'പ. ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ' മന്ദിരമെന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.

വ്യാഴാഴ്ച ശീമ നമസ്കാരം പ്രാർത്ഥനയിൽ ചൊല്ലുന്നതുപോലെ 'പന്ത്രണ്ട് തൂണുകൾ സഭയെ വഹിച്ചിരിക്കുന്നു. പന്ത്രണ്ട് മാസങ്ങൾ സംവത്സരത്തെ മകുടം ചാർത്തുന്നു. പന്ത്രണ്ട് ഉറവകൾ ശീമോനിൽ നിന്നും ഒഴുകുന്നു. 12 ശ്ലീഹന്മാർ വചനം ഘോഷിക്കുന്നു....' ഇതുപോലെ ഒരനുഭവമാണ് ഈ കെട്ടിട നിർമ്മാണത്തിലും സംഭവിച്ചിരിക്കുന്നത്. എഞ്ചിനീയർ ബിജു തോമസ് ഈ കെട്ടിടം രൂപകൽപ്പന ചെയ്യുമ്പോൾ അറിഞ്ഞോ അറിയാതെയോ 12 തൂണികളിലാണ് ഈ രണ്ടു നില കെട്ടിടം പണിതുയർത്താൻ പദ്ധതി തയ്യാറാക്കിയത്. 12 എന്നത് ക്രൈസ്തവ സിംബോളിക് അടയാളമാണ്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഒരു ചെറിയ ചെടി പോലും പിഴുത് മാറ്റേണ്ടതായി വന്നില്ല. ദൈവീക സാന്നിദ്ധ്യമുള്ള ഒരു കൂടാരമായി അത് രൂപാന്തരപ്പെടുകയാണ്.

7. സ്നേഹ തൊഴുത്ത്

അട്ടപ്പാടി മിഷന്റെ സിൽവർ ജൂബിലി സ്മാരകമായി ഒരു 'സ്നേഹ തൊഴുത്ത്' കൂടി പണിയാൻ ആരംഭം കുറിച്ചിട്ടുണ്ട്. 1994-ൽ ഒരു പശുവുമായി ആരംഭിച്ച ഫാം ഇന്ന് സിൽവർ ജൂബിലിയുടെ നിറവിൽ 25ൽ എത്തിനിൽക്കുന്നു. മനുഷ്യർക്കെന്നപോലെ മിണ്ടാപ്രാണികളായ കന്നുകാലികൾക്കും അഭയം നൽകേണ്ടത് മനുഷ്യകടമയാണല്ലോ. ആശ്രമത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി പഴയ സ്കൂൾ കെട്ടിടത്തിന്റെ സമീപത്താണ് പുത്തൻഭവനം പണിയുന്നത്.

ഒന്നുമില്ലായ്മയിൽ നിന്നും ഉയരങ്ങളിലേക്ക് 'പകൽ മേഘസ്തംഭവും രാത്രിയിൽ അഗ്നിതൂണുമായി' കരം പിടിച്ചു താങ്ങി നടത്തിയ കരുണാമയനനായ ദൈവത്തിന് ആയിരമായിരം സ്തുതിയും സ്തോത്രവും ആരാധനയും അണയ്ക്കുവാൻ അട്ടപ്പാടി മിഷന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഇടയാക്കട്ടെ. ഇത് ഒരിക്കലും ആർഭാടത്തിനോ, പ്രശസ്തിയ്ക്കോ, ആത്മ പ്രശംസയ്ക്കോ ഉള്ള ഒരു ജൂബിലി ആഘോഷമല്ല. മറിച്ച് സർവ്വശക്തനായ ദൈവം തമ്പുരാന്റെ ദിവ്യ പരിപാലന സാക്ഷ്യത്തിന്റെ ജൂബിലിയാണ്. ദൈവികസുഗന്ധം പരത്തുന്ന ജൂബിലിയാഘോഷം ഓരോരുത്തർക്കും കൂടുതൽ ശക്തി പകരട്ടെ. ഇതു മാത്രമാണ് എളിയവനായ ഈ എഴുത്തുകാരന്റെ പ്രാർത്ഥന.



അട്ടപ്പാടി മിഷന്റെ എളിയതുടക്കം 1994ൽ...

Chief Editor: Sri. C.K. Jacob Joy, Manager: Fr. M.D. Yuhanon Ramban, Edited, Printed, Published and owned by St. Thomas Ashram, Attappady, Printed at Printers Port, Calicut

Private circulation only